വിനോദസഞ്ചാര വകുപ്പിലെ ഷോഫർ തസ്തിക

304(4591) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരവകുപ്പിൽ ഷോഫർ തസ്തികയുടെ ടോട്ടൽ കേഡർ സ്ട്രെങ്ത് എത്രയെന്ന് പറയാമോ; ഇതിൽ എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്നു വ്യക്തമാക്കാമോ; ഒഴിഞ്ഞുകിടക്കുന്ന തസ്തികയിൽ ഏതു രീതിയിലാണ് നിയമനം നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ നിയമനങ്ങളിൽ സംവരണ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, അത് എപ്രകാരമെന്ന് വിശദീകരിക്കാമോ;

(ബി) ഷോഫർ തസ്തികയ്ക്ക് നിലവിൽ പി.എസ്.സി. ലിസ്റ്റ് ഉണ്ടോ; ഉണ്ടെങ്കിൽ, നാളിതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഒഴിവുള്ള തസ്തികയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിനോദസഞ്ചാര വകുപ്പിൽ ഷോഫർമാരുടെ 94 തസ്തികകൾ നിലവിലുണ്ട്. പി.എസ്.സി. വഴിയും ബൈ ട്രാൻസ്ഫർ പ്രൊമോഷൻ വഴിയും ഒഴിവ് തസ്തികയിൽ നിയമനം നടത്തുന്നുണ്ട്. ബൈട്രാൻസ്ഫർവഴി നികത്തപ്പെടേണ്ട 3 ഒഴിവുകൾ നിലവിലുണ്ട്. KS & SSR-ൽ Rule 14-17 വരെ പ്രതിപാദിക്കുന്ന സംവരണ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് ടി തസ്തികയിൽ നിയമനം നടത്തുന്നത്.

(ബി) രണ്ടു ജില്ലകളിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

തിരുവനന്തപുരം - 19-8-2014 വരെ 17 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്.

എറണാകുളം - 25-3-2014 വരെ 2 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ബൈട്രാൻസ്ഫർ മുഖേന നികത്തപ്പെടേണ്ട ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

931/2019

LIBRARY ARCHIVES Kerala Legislative Assembly